പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2067      26.03.2013 -ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. -ക്ക് അനുവദിച്ച പദ്ധതി വിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>" പി. കെ. ഗുരുദാസൻ<br>" രാജു എബ്രഹാം<br>" എസ്. രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പുതിയ ബസ്സുകൾ വാങ്ങുന്നതിനും മറ്റുമായി പദ്ധതി വിഹിതമായി എന്ത് തുകയാണ് ഈ വർഷം കെ.എസ്.ആർ.ടി.സി. -ക്ക് അനുവദിച്ചതെന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതി വിഹിതമായി 57.07 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിൽ സിറ്റി/ടൗൺ സർവ്വീസുകൾ നടത്തുന്നതിനായി ബസ്സുകൾ വാങ്ങുന്നതിലേക്കായി അനുവദിച്ച 32 കോടി രൂപ ഉൾപ്പെടും. അടിസ്ഥാന സൗകര്യവികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും (14 കോടി രൂപ), കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും (10 കോടി രൂപ) ജീവനക്കാർക്ക് പരിശീലനം നൽകൽ (1.07 കോടി രൂപ) എന്നീ പദ്ധതികൾക്കാണ് ബാക്കി തുക വിനിയോഗിക്കുന്നത്. |
| (ബി) | തുക അനുവദിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ് എന്തെല്ലാം നിബന്ധനകളാണ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ടി തുക അനുവദിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ് വച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോർപ്പറേഷനിലെ പെൻഷൻകാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യപാസ് നിർത്തലാക്കണമെന്ന് ഗ്രൂപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?; | (സി) | പെൻഷൻ വിതരണം ബാങ്ക് മുഖേനയാക്കുമ്പോൾ, പെൻഷൻകാർക്ക് സൗജന്യ യാത്രാ പാസ് അനുവദിക്കുന്നത് പരിശോധിക്കണമെന്നും, ഈ സാമ്പത്തിക വർഷം തന്നെ നടപടി ഉണ്ടാകണമെന്നും വർക്കിംഗ് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ബാങ്ക് മുഖേനയാക്കുന്നതിന്റെ നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | പദ്ധതിയിനത്തിൽ അനുവദിച്ച തുകയിൽ എന്തു തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിച്ചു എന്ന് വിശദമാക്കാമോ? | (ഡി) | 2012-13 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി. യ്ക്ക് സർക്കാർ 57.07 കോടി രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചത്. ടി തുകയിൽ 32 കോടി രൂപ ബസ്സുകൾ വാങ്ങാൻ വിനിയോഗിച്ചു. 14 കോടി രൂപ കെ.എസ്.ആർ.ടി.സി. യുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, വർക്ക് ഷോപ്പുകളുടെ നവീകരണത്തിനുമായി വിനിയോഗിച്ചു. കമ്പ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് എന്നീ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും, ഡ്രൈവർമാർ, ടെക്നിക്കൽ ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ, ഓഫീസർമാർ എന്നീ വിഭാഗക്കാരുടെ പരിശീലനത്തിനായി 1.07 കോടി രൂപയും വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

CONDITIONS

1. Uneconomic routes shall be phased out after status study of the routes.
2. Services if proved uneconomic after 3 months shall be revised to make it economical.
3. The issue of free pass to the pensioners should be reviewed on introduction of pension distribution through bank ATMs and the same will be rolled out during current financial year itself.
4. From the next financial year onwards non-plan loan assistance will be provided only after assessing the achievements made by KSRTC.
5. An amount of ₹ 14 crore will be provided for the development of infrastructure and modernization of workshops by reducing the outlay for the computerization/e-governance to ₹10 crore for which the Administrative Department will move for the re-appropriation of funds.
6. E-tendering system be introduced in KSRTC during this financial year itself.

**General Conditions**

1. The file should be circulated to the Minister concerned before issuing Administrative Sanction.

2. The expenditure would be met from the provision available under the appropriate head of account and no additional fund shall be provided.

3. The Store Purchase Rules shall be strictly adhered to.

4. Tender and other stipulated formalities shall be followed wherever necessary.

5. The Government Order according Administrative Sanction should specify the decision and date of the Special Working Group meeting, components of the Scheme, mode of implementation of the project, release of funds and details of monitoring mechanisms, head of account to debit the expenditure, physical target, output, outcomes and deliverables of the scheme.

6. The Government Order according Administrative sanction shall be endorsed to the Planning & Economic Affairs Department, Finance (Planning-B) Department and (PU-A) Department quoting respective file numbers.

അണ്ടർ സെക്രട്ടറി